## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5098 | 24.10.2011 - ൽ മറുപടിക്ക് |
|---|---|

### നേമത്തെ സർക്കാർ സ്വകാര്യ അലോപ്പതി ആശുപത്രികൾ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി: | | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
|---|---|---|
| (എ) നേമം മണ്ഡലത്തിലെ അലോപ്പതി ആശുപത്രികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | നേമം താലൂക്കാശുപത്രി, കരമന ഡിസ്പെൻസറി എന്നിവയാണ് നേമം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ ആശുപത്രികൾ. 01.03.2011 - ലെ ജി.ഒ. (ആർ.റ്റി) നം. 821/11/ആ.കു.വ. ഉത്തരവ് പ്രകാരമാണ് നേമം സി.എച്ച്.സിയെ താലൂക്കാശുപത്രിയായി ഉയർത്തിയത്. ആയതിനാൽ ടി ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണവകുപ്പിന് കൈമാറിയ ആശുപത്രികളിൽ ഒന്നാണ് നേമം താലൂക്കാശുപത്രി. ജനറൽ മെഡിസിൻ, വനിതാശിശുചികിത്സാവിഭാഗങ്ങൾ എന്നിവ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നൂറുകിടക്കകളോടുകൂടിയ ഈ ആശുപത്രിയിൽ ദിനംപ്രതി 600-ഓളം രോഗികൾ ഔട്ട് പേഷ്യന്റായി വരുന്നുണ്ട്. പ്രസ്തുത ആശുപത്രിയിലെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭയുടെ ചുമതലയിൽ ഒരു ഐ.പി.-ഒ.പി. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുവരുന്നു. 2011 നവംബറോടുകൂടി പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) സർക്കാർ മേഖലയിൽ എത്ര അലോപ്പതി ആശുപത്രികളാണ് പ്രസ്തുത മണ്ഡലത്തിൽ ഉള്ളത്; | (ബി) | സർക്കാർ മേഖലയിൽ 2 അലോപ്പതി ആശുപത്രികളാണ് പ്രസ്തുത മണ്ഡലത്തിൽ ഉള്ളത്. കരമന ഡിസ്പെൻസറി, നേമം താലൂക്കാശുപത്രി എന്നിവയാണ്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ മേഖലയിൽ എത്രയെണ്ണമാണ് ഉള്ളത്; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | നേമം മണ്ഡലത്തിൽ സ്വകാര്യമേഖലയിൽ 3 ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1. പി. ആർ.എസ്. ഹോസ്പിറ്റൽ, കരമന,<br>2. ചെൽസ ഹോസ്പിറ്റൽ, കുഞ്ചാലുംമൂട്,<br>3. കൃഷ്ണാ ഹോസ്പിറ്റൽ, കരമന. |

സെക്ഷൻ ആഫീസർ